സബ് രജിസ്ട്രാർ ഓഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം

253(545) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ആഫീസുകളിൽ ഏർപ്പെടുത്തിയ കമ്പ്യൂട്ടർ സംവിധാനത്തിലെ അപാകതകൾ നിമിത്തം അവിടെനിന്ന് ലഭിക്കേണ്ട രേഖകൾക്ക് കാലതാമസം ഉണ്ടാകുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോഴുള്ള കമ്പ്യൂട്ടർ സംവിധാനത്തിന്റെ ന്യൂനതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; സമയബന്ധിതമായി സബ് രജിസ്ട്രാർ ആഫീസിൽ നിന്ന് ലഭിക്കേണ്ട രേഖകൾ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സബ് രജിസ്ട്രാർ ഓഫീസുകളിൽ ഏർപ്പെടുത്തിയ കമ്പ്യൂട്ടർ സംവിധാനത്തിൽ അപാകതയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട രേഖകൾ യഥാസമയം നൽകി വരുന്നുണ്ട്. കമ്പ്യൂട്ടർ സംവിധാനത്തിൽ താല്ക്കാലികമായി എന്തെങ്കിലും തകരാർ സംഭവിക്കുമ്പോൾ രേഖകൾ എഴുതി നൽകിവരുന്നുണ്ട്.

കന്നടഭാഷ അറിയാവുന്ന ജീവനക്കാരെ മഞ്ചേശ്വരത്ത് രജിസ്ട്രാർ ഓഫീസിൽ നിയമിക്കാൻ നടപടി

254(548) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം സബ് രജിസ്ട്രാർ ഓഫീസിൽ കന്നട വിഭാഗം ജീവനക്കാരില്ലാത്തതുമൂലം ഉണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രമാണങ്ങൾ പലതും കന്നട ഭാഷയിലായതിനാൽ രജിസ്ട്രേഷനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കന്നടഭാഷ അറിയാവുന്ന ജീവനക്കാരെ പ്രസ്തുത ഓഫീസിൽ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ മഞ്ചേശ്വരം സബ് രജിസ്ട്രാർ ഓഫീസിലുള്ള ജീവനക്കാരിൽ, സബ് രജിസ്ട്രാർ, ഒരു യു.ഡി. ക്ലാർക്ക്, ഒരു എൽ.ഡി. ക്ലാർക്ക് എന്നിവർ കന്നട ഭാഷ അറിയാവുന്നവരാണ്.

LIBRARY ARCHIVES Kerala Legislative Assembly